# അവകാശ ലംഘന പ്രശ്നങ്ങളും പെരുമാറ്റചട്ട ലംഘന പ്രശ്നങ്ങളും

## I. ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശ ലംഘന പ്രശ്നങ്ങൾ

1. റിപ്പോർട്ടർ ചാനൽ 26-12-2021-ന് നടത്തിയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് കിറ്റെക്സ് കമ്പനി ചെയർമാൻ ശ്രീ. സാബു എം. ജേക്കബ് സ്ഥലം എം.എൽ.എ.-യായ തനിക്കെതിരെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്നും ആയത് ഒരു നിയമസഭാംഗമെന്ന നിലയിലുള്ള തന്റെ പ്രത്യേക അവകാശങ്ങളുടെ ലംഘനമാണെന്നും കാണിച്ചുകൊണ്ട് ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ്.

2. കേരള നിയമസഭ പാസ്സാക്കിയ ലോകായുക്ത നിയമം ഭരണഘടനാ വിരുദ്ധമാണെന്ന രീതിയിൽ ബഹുമാനപ്പെട്ട നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി മാധ്യമങ്ങളോട് പൊതുപ്രസ്താവന നടത്തിയതും സമാന വാദഗതി ഉന്നയിച്ചുകൊണ്ട് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ദേശാഭിമാനി ദിനപത്രത്തിൽ ലേഖനം എഴുതിയതും നിയമസഭയോടുള്ള കടുത്ത അവഹേളനമാകയാൽ പ്രസ്തുത വ്യക്തികൾക്കെതിരെ അവകാശലംഘനത്തിനുള്ള നടപടി

സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. സമർപ്പിച്ച അവകാശലംഘന നോട്ടീസ്.

## II. അനുമതി നിഷേധിച്ച അവകാശലംഘന പ്രശ്നം

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളന കാലയളവിൽ 07-10-2021-ലെ ചോദ്യോത്തരവേളയിൽ ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ. ഉന്നയിച്ച ഉപചോദ്യത്തിന് മറുപടി പറയവേ ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടി നിയമസഭാ സാമാജികരെ അവഹേളിക്കുന്നതാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എം.എൽ.എ. നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ പ്രതികരണം ആരായുകയുണ്ടായി. നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും ചെയർ പരിശോധിച്ചു. തെറ്റായ പ്രവണതകൾക്കെതിരെ പൊതുവേ ഉണ്ടാകേണ്ട ജാഗ്രതയാണ്

ബഹുമാനപ്പെട്ട മന്ത്രി പ്രസംഗത്തിലൂടെ നടത്തിയതെന്നും അംഗത്തിന്റെ അവകാശങ്ങളൊന്നും ലംഘിക്കപ്പെട്ടിട്ടില്ലെന്നും മറുപടിയിൽനിന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവകാശലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.

## III. അനുമതി നിഷേധിച്ച പെരുമാറ്റചട്ട ലംഘന പ്രശ്നം

എറണാകുളം ജില്ലയിലെ പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ 473 ക്രൈം നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പോക്സോ കേസിലെ രണ്ടാം പ്രതിയെ സംരക്ഷിക്കുന്ന തരത്തിലുള്ള നിലപാട് സ്വീകരിച്ച ശ്രീ. മാത്യു കുഴൽനാടൻ, എം.എൽ.എ. കേരള നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റ ചട്ടങ്ങളിലെ പൊതുവായ സദാചാരതത്വങ്ങൾ ലംഘിച്ചിരിക്കുകയാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട അംഗത്തിനെതിരെ പെരുമാറ്റചട്ട ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. വിജിൻ, എം.എൽ.എ. ഒരു നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രതികരണം തേടുകയുണ്ടായി. നോട്ടീസിലെ വിഷയങ്ങളും ബഹുമാനപ്പെട്ട അംഗത്തിന്റെ ഇതുസംബന്ധിച്ച മറുപടിയും ചെയർ പരിശോധിച്ചു. നോട്ടീസിൽ പരാമർശിച്ച

കേസുമായി ബന്ധപ്പെട്ട് നിയമവിധേയമല്ലാത്ത യാതൊരു നടപടിയും ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടില്ലെന്ന് മറുപടിയിൽനിന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പെരുമാറ്റച്ചട്ട ലംഘന നോട്ടീസിനുള്ള അനുമതി നിഷേധിക്കുന്നു.